# മെമ്മറീസ്



സെന്റ് മേരീസ് എച്ച് .എസ്   മരുതോങ്കര   *ലിറ്റിൽകൈറ്റ്സ്*

**ഡിജിറ്റൽ മാഗസിൻ**   *2019-20*

*സമകാലീന പരിതോവസ്ഥകളുടെ ആകാശം കറുക്കുമ്പോൾ പ്രകാശത്തിന്റെ വെള്ളിരേഖതേടിയുള്ള പ്രയാണം സാർത്ഥകമാകുന്നതുപോലെ, മനുഷ്യമനസ്സിന്റെ നിബിഢവനങ്ങളിൽ ഇരുൾ പരക്കുമ്പോൾ പെട്ടെന്നൊരു പൗർണമി രാവിൽ പ്രതീക്ഷയുടെ നിലാമഴ പെയ്യുന്നപോലെ, ജന്മസ്ഥലിയായ മരുതോങ്കരയുടെ അകപ്പൊരുളിൽ നിന്നും വെളിച്ചത്തിന്റെ അക്ഷരപ്പോരാളികൾ വച്ചുനീട്ടുന് അക്ഷരപാഥേയം-***മെമ്മറീസ്.***

***ഇത് മരുതോങ്കര സെന്റ് മേരീസിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ ഒരു ചെറിയ കാൽവെപ്പ്.***



# *മെമ്മറീസ്*

## ഡിജിറ്റൽ മാഗസിൻ

**ചീഫ് എഡിറ്റർ : സ്മിത വർഗ്ഗീസ്**

**സ്റ്റുഡന്റ് എഡിറ്റർ :അമൽകൃഷ്ണ.**TS

**പത്രാധിപസമിതി  അംഗങ്ങൾ:**

അധ്യാപക പ്രതിനിധികൾ

***സ്മിത.T***
***സ്മിത വർഗ്ഗീസ്***
***ബിന്ദു തോമസ്***

വിദ്യാർത്ഥി പ്രതിനിധികൾ

**രാഹുൽ ടി.പി**
**അക്ഷയ് കെ.കെ**
**ശ്രീഹരി**
**ജഫിൻ**
**മായ മനോജ്**
**ദേവനന്ദ**
**ഷാൽവിൻ എസ്.ഡി**
**ശ്രീപ്രിയ**
**നജ ഫാത്തിമ**



# ആശംസ


മരുതോങ്കരയുടെ അഭിമാനമായ നമ്മുടെ വിദ്യാലയം ഒരിക്കൽക്കൂടി മനൊഹരമായൊരു സമ്മാനം നാടിന് സമർപ്പിക്കുന്നു. അഭിനന്ദനങ്ങൾ

ഓർത്തുവയ്ക്കാനുള്ള ഈ മനോഹര ചിത്രങ്ങൾ ഭാവിജീവിതത്തെ കൂടുതൽമിഴവുറ്റതാക്കുന്നു. തിരികെപ്പോയി തിരുത്തിയെഴുതാനാവാത്ത ഇന്നലകൾ വർത്തമാനകാല ജീവിതത്തെ ഭാവിജീവിതത്തിനായി കരുതിവയ്ക്കാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. പഴകി നശിക്കാത്ത പണസഞ്ചികൾ കരുതിവയ്ക്കുവാനും ചിതൽ നശിപ്പിക്കാത്തതും കള്ളന്മാരില്ലാത്തതുമായ സ്വർഗത്തിൽ

മതിവരുവോളം നിക്ഷേപം സമാഹരിക്കാനുള്ള ഈശോയുടെ ഓർമ്മപ്പെടുത്തൽ കരുതിവയ്ക്കലിന്റെ

സുവിശേഷമാണ്. മെമ്മറീസ് ഒരു ഓർത്തുവയ്ക്കലാണ്. ദൈവസ്നേഹത്തിന്റെ സുഗന്ധം നിങ്ങളുടെ

വഴികളെ മനോഹരമാക്കട്ടെയെന്നാശംസിക്കുന്നു.




ഫാ. ജോസഫ് കളരിക്കൽ

മാനേജർ



# ആശംസ

മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെസർഗ്ഗചേതനയുടെ ആവിഷ്കരണമാണ് 'മെമ്മറീസ്'. സാഹിത്യരചനയിലും ഐ.ടി മേഖലയിലും തൽപ്പരരാക്കുക വഴി , നല്ല സമൂഹത്തെ വാർത്തെടുക്കുകയാണിതിന്റെ ലക്ഷ്യം. മരുതോങ്കരയുടെ ഗ്രാമഭംഗിയും നന്മകളുമെല്ലാം ഇതിൽ നിറഞ്ഞുനിൽക്കുന്നു. ഈ മഹദ്സംരഭത്തിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കുംഎന്റെ അഭിനന്ദനങ്ങൾ



ശ്രീ. കെ.ടി. ജോസഫ്

*ഹെഡ്മാസ്റ്റർ*

സെന്റ്മേരീസ് എച്ച് .എസ്. മരുതോങ്കര

# എഡിറ്റോറിയൽ

ക്ലാസ് മുറികളുടെ നാലു ചുമരുകൾക്കിടയിലെ സമ്മർദത്തിന്റെ കരിങ്കൽപാളികൾക്കിടയിൽ മറഞ്ഞിരിക്കേണ്ടവരാണോ നമ്മുടെ യുവസമൂഹം. ഭാരിച്ച സിലബസിലെ ഹരണത്തിന്റെയും ഗുണനത്തിന്റെയും ചരിത്രത്തിന്റെയുമൊക്കെ ഇടവേളകളിൽ തങ്ങളുടെ മനസ്സിൽ ഉള്ളതെന്തും തുറന്ന പ്രകടിപ്പിക്കാനും അവതരിപ്പിക്കാനും വേദികളന്വേഷിക്കാത്തവരുണ്ടാകുമോ?

ഇല്ല എന്നതന്നെ പറയാം. അങ്ങനെയുള്ള ചിന്തകളെ മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള ഉദ്യമങ്ങളിൽ ഒന്നാണ് മെമ്മറീസ്. ചിന്തിപ്പിക്കാനും പ്രചോദിപ്പിക്കാനും അക്ഷരങ്ങൾക്ക് കഴിയും.ലോകത്ത് ഇന്നവരെ നടന്നിട്ടുള്ള എല്ലാ വിജ്ഞാന വിസ്ഫോടനങ്ങളുടെയും ഹേതു അക്ഷരങ്ങളാണ്. ഇന്ന് ലോകത്ത് വിജ്ഞാന വിസ്ഫോടനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന യൂറോപ്യൻ ജനതയുടെ ഇന്നലകളിലെ ചിത്രം തീർത്തും നിറം മങ്ങിയതായിരുന്നു. കക്കപെറുക്കി ജീവിച്ചിരുന്ന യൂറോപ്യൻ ജനതയെ ഒന്നാകെ മാറ്റിമറിച്ചത് കൊർനോവ നഗരത്തിൽ അറബികൾ സ്ഥാപിച്ച മഹാഗ്രന്ഥശാലകളാണ്. അവർ സൃഷ്ടിച്ച അലയൊലികൾ നമുക്ക് മാതൃകയാക്കാം. അക്ഷരങ്ങൾ ആയുധങ്ങളാണ്. തിന്മയെ നന്മയാക്കുന്ന വജ്രായുധം. അക്ഷരങ്ങൾ ആയുധങ്ങളാക്കി ഒരുപാടുനാൾ ആരോടും പറയാതെ യുവമനസ്സുകളിൽ ഒളിപ്പിച്ചുവച്ചിരുന്ന ഒരിത്തിരി അക്ഷരക്കുനകളെ തന്മയത്തമുള്ള രചനകളാക്കി മാറ്റാൻ ഞങ്ങളെ സഹായിച്ച 'മെമ്മറീസി'നും മെമ്മറീസിന്റെ സൃഷ്ടാക്കളായ അധ്യാപകർക്കും ഒരുപാട് നന്ദി പറഞ്ഞുകൊണ്ട് ഉറച്ച കാൽവെയ്പ്പുകളോടെ നമുക്ക് മുന്നേറാം.

സ്റ്റുഡന്റ് എഡിറ്റർ

**അമൽകൃഷ്ണ ടി.എസ്**

# കാത്തിരിപ്പ്




കാത്തിരിപ്പായ് ഞാനെന്റെ കൂട്ടുകാരനെ
അകലെ മറഞ്ഞുപോയൊരാ കൂട്ടുകാരനെ
എൻ കാതിൽ കേട്ടു ഞാന-
വന്റെ കാലൊച്ച
എന്നരികിലേക്കോടി വരുന്നുണ്ടവൻ
പണ്ടു നീ തന്ന കളിപ്പാവ
ഇന്നുമെൻ കൈകളിൽ നിന്നിടുന്നു
അവനെന്റെയുള്ളിൽ
മായാതെ നിന്നിടുന്നു
മറക്കില്ലവനെ ഞാനൊരിക്കലും
അവനെ ഞാനെപ്പോഴു-
മോർത്തിരിക്കും
അവനെ ഞാനെപ്പോഴും
*കാത്തിരിക്കും......*

# <u>ഓർമ്മതൻ തീരത്ത്</u>




ഈ ഓർമ്മതൻ തീരത്ത്
വിടരുന്ന പൊൻ സൗഹൃദം
എന്നോ പൂവിട്ട മധുരസ്വപ്നം
ഒരോർമ്മയായ് അത് മനസിന്റെ
അടിത്തട്ടിൽ വിങ്ങുന്ന
നഷ്ടസൗഹൃദത്തിൽ
തീരാനിഴലുകൾ അലയടിക്കവേ
തിരികെ ലഭിക്കുമോ എന്നെങ്കിലും
ഓർമ്മകൾ തിങ്ങുമീ സൗഹൃദം
**കാത്തിരിപ്പൂ അതിനായി...............ഞാൻ**

# കഞ്ഞിയും കല്യാണവും



മണ്ടച്ചാരായ മാത്തുണ്ണിയുടെ കല്യാണം നിശ്ചയിച്ചു. പക്ഷേ കല്യാണത്തിന്റെ തലേ ദിവസം മാത്തുണ്ണിക്ക് തലവേദന വന്നു. "മാത്തുണ്ണി, നാളെ നിന്റെ കല്യാണമല്ലേ ? വേഗം പോയി ഡോക്ടറെ കണ്ടിട്ട് വാ" അമ്മ പറഞ്ഞുവിട്ടു.

ഡോക്ടറെ കണ്ടശേഷം നിരാശയോടെ മടങ്ങിവരുന്ന മാത്തുണ്ണിയെ ചങ്ങാതിയായ ഇങ്കാരു കണ്ടു. "മാത്തുണ്ണീ നാളെയല്ലേ നിന്റെ കല്യാണം?" ഇങ്കാരു ചോദിച്ചു.

"നടപ്പില്ല ഇങ്കാരു. നാളെ എനിക്ക് കല്യാണം കഴിക്കാൻ പറ്റില്ല."

മാത്തുണ്ണി നിരാശയോടെ പറഞ്ഞു. "ഇനി ഒരാഴ്ച കഴിയണം"

"ങേ... അതെന്താ" ഇങ്കാരു ചോദിച്ചു.

മാത്തുണ്ണി പറഞ്ഞു."ഇനി ഒരാഴ്ചത്തേക്ക് കഞ്ഞിയല്ലാതെ മറ്റൊന്നും കഴിക്കരുതെന്നാ ഡോക്ടർ പറഞ്ഞിരിക്കുന്നത്".


# അഹങ്കാരം ആപത്ത്

പണ്ട് ഒരു രാജ്യത്തെ രാജാവിന് രണ്ട് പെൺകുട്ടികൾ ഉണ്ടായിരുന്നു. അവരാണ് സിൻമയയും ലിൻമയയും .  സിൻമയയെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. പക്ഷേ അവൾക്ക് രാജ്യഭരണത്തെക്കുറിച്ചും പെരുമാറ്റരീതിയെക്കുറിച്ചും ഒന്നുംതന്നെ അറിയില്ലായിരുന്നു. അവൾ തന്റെ സൗന്ദര്യത്തിൽ മതിമറന്ന് ജീവിക്കുകയായിരുന്നു.  നേരെ മറിച്ച് ലിൻമയയാവട്ടെ കാണാൻ ഭംഗിയില്ലെങ്കിലും നല്ല ബുദ്ധിമതിയായ പെൺ കുട്ടിയായിരുന്നു.മറ്റുള്ളവരോട് എങ്ങനെ പെരുമാറണമെന്നും രാജ്യകാര്യങ്ങളെക്കുറിച്ചും നല്ല ബോധ്യമുണ്ടായിരുന്നു. ലിൻമയയെ കാണാൻ ഭംഗിയില്ലാത്തതിനാൽ സിൻമയയ്ക്ക് ലിൻമയയെ തന്റെ സഹോദരിയായി കാണാൻ താല്പര്യമില്ലായിരുന്നന്നു.

പിന്നീട് രാജാവ് തന്റെ മക്കൾക്ക് വേണ്ടി വിവാഹം ആലോചിക്കാൻ തുടങ്ങി. അയൽരാജ്യത്തെ രാജകുമാരൻ രാജകുമാരികളെ കാണാൻ എത്തി.പക്ഷേ ആ രാജകുമാരന് ഒരു നിബന്ധന ഉണ്ടായിരുന്നു. തന്റെ പത്നിയാകുന്ന രാജകുമാരി ബുദ്ധിമതി കൂടിയായിരിക്കണമെന്ന്. മഹാരാജാവ് രാജകുമാരികളെ സദയിലേക്ക് വ്ളിച്ചു.  സിൻമയയെ കണ്ടപ്പോൾ രാജകുമാരൻ  അവളുടെ സൗന്ദര്യത്തിൽ അമ്പരന്നുപോയി.പക്ഷേ രാജകുമാരന്റെ ചോദ്യം കേട്ടപ്പോൾ സിൻമയ നിസ്സഹായതയോടെ നോക്കിനിന്നു. ലിൻമയയാവട്ടെ ആ ചോദ്യങ്ങൾ ക്കെല്ലാം നല്ല മറുപടി കൊടുത്തു. ഇതു കേട്ട രാജകുമാരനും കൂടിനിന്നവരുമെല്ലാം അത്ഭുതപ്പെട്ടു.സിൻമയ ആകെ തളർ ന്നു.രാജകുമാരൻ ലിൻമയയുടെ കഴുത്തിൽ വരണമാല്യം അണിയിച്ചു.




സിൻമയ കൊട്ടാരത്തിന്റെ പുറത്തേക്ക് ഓടി. ആ സമയം തന്റെ സൗന്ദര്യം അവൾക്ക് ഒരു ശാപമായി തോന്നി.രാജകുമാരൻ അടുത്തുവന്നു പറഞ്ഞു. സൗന്ദര്യം മാത്രം പോര, വിശാലമായി ചിന്തിക്കാനുള്ള മനസ്സുകൂടി വേണം. അറിവും ബുദ്ധിയും നാം വളർ ത്തിയെടുക്കേണ്ടതാണ്. സൗന്ദര്യമുള്ളതുകൊണ്ട് നീ അഹങ്കാരിയായി മാറി.  അതിന്റെ ഫലമാണ് നീ ഇപ്പോൾ അനുഭവിക്കുന്നത്. ബാഹ്യ സൗന്ദര്യത്തെക്കാൾ ആന്തരിക സൗന്ദര്യമാണ് വലുത്.  രാജകുമാരന്റെ വാക്കുകൾ സിൻമയയെ വിശാലമായി ചിന്തിക്കുവാൻ പ്രേരിപ്പിച്ചു.



പേമാരി
ചന്നം പിന്നം പാറിപ്പെയ്യും
പേമാരിയിത് പേമാരി
ചറപറപെയ്യും പേമാരി
ചന്നം പിന്നം പാറിപ്പെയ്യും പേമാരി
പടപടപൊട്ടും ഇടിമാമൻ
മാളോർ വിറയ്ക്കും മിന്നൽമാമൻ
മഴകാത്തുനിൽക്കുമീ ജീവലോകം
മഴയില്ലെങ്കിൽ നാമില്ലെന്നിനി നാമറിയും
ഇടിയും വെട്ടി അലറിപ്പെയ്യും
പേമാരിയിത് പേമാരി
ചന്നം പിന്നം പാറിപ്പെയ്യും
പേമാരിയിത് പേമാരി

# മാക്രിപ്പള്ളിക്കൂടം

മാക്രിക്കുട്ടികൾ ചേർന്നു പഠിക്കും
പള്ളിക്കൂടം കണ്ടില്ലേ
പച്ചപ്പായല്ു തിങ്ങിക്കൂടിയ
കൊച്ചുതടാകംകണ്ടില്ലേ
അല്ലിത്താമര മൊട്ടുകളവിടെ
ചാഞ്ചാടുന്നത് കണ്ടില്ലേ
കുട്ടികളെല്ലാം
താമരയിലയിൽ
നിരന്നിരിപ്പതു കണ്ടില്ലേ !
മാക്രിക്കുട്ടികളമ്പതുപേരു-
ണ്ടെന്തൊരു രസമാണയ്യയ്യാ!
പച്ചനിറത്തിലെ 'യൂണീഫോമി'ട്ടു
കാണാനെന്തൊരു ചേലയ്യാ!
പുസ്തകസഞ്ചീം മുതുകിൽ തൂക്കി-
പ്പായും കുട്ടികളില്ലിവിടെ
കുടയും വടിയും കൊണ്ടുനടക്കും
കുസൃതിക്കുട്ടികളില്ലിവിടെ!
'അ-ആ-ഇ-ഈ' അക്ഷരമെഴുതാൻ
ശീലിപ്പിക്കാറില്ലിവിടെ
ക്ലാസുതുടങ്ങാൻ നമ്മുടെ മാതിരി
'കിണികിണി' മണിയടിയില്ലിവിടെ!
കൃത്യം പത്തിന് മാക്രിപ്പിയൂൺ
കോക്രോമെന്നു കരഞ്ഞെന്നാൽ
മുറപോലങ്ങനെ ക്ലാസ്സുതുടങ്ങും
മുരടൻ മാക്രിസാറന്മാർ!



## ഓർമതൻ  തീരത്ത്



ഓർമ്മയായ് അത് മനസ്സിന്റെ
അടിത്തട്ടിൽ വിങ്ങുന്ന
നഷ്ടസൗഹൃദത്തിൻ
തീരാനിഴലുകൾ
അലയടിക്കവേഇൗഓർമതൻ
തീരത്ത്
വിടരുന്ന പൊൻ സൗഹൃദം
എന്നോ പൂവിട്ട മധുരസ്വപ്നം
ഒരോർമയാ
തിരികെ ലഭിക്കുമോ എന്നെങ്കിലും
ഓർമകൾ തിങ്ങുമീ സൗഹൃദം
കാത്തിരിപ്പൂ അതിനായി........... ഞാൻ

# വൈവിധ്യമാർന്ന ഭൂമി



തിങ്ങിനിറഞ്ഞിടും വൃക്ഷങ്ങളാലെത്ര

സുന്ദരമാണെന്റെ ഹരിതഭൂമി

സൂര്യപ്രകാശത്താൽ തിളങ്ങിടുന്ന

അഴകുള്ളിവളെന്റെ സ്വപ്നഭൂമി

ദൈവകരങ്ങൾ തട്ടിയുണർത്തിയ

ഈശ്വരസൃഷ്ടിയാം പുണ്യഭൂമി

സമുദ്രങ്ങൾ ദ്വീപസമൂഹങ്ങളാ-

ലതി വിശാലമാണീ പുണ്യഭൂമി

വനങ്ങളും വയലുകളും നെൽപാടങ്ങളും ചേർന്ന്

വൈവിധ്യമാർന്നൊരീ ഭൂമി

ശലഭങ്ങൾ, പക്ഷികൾ, പൂവുകളാൽ

നിറഭേദം നിറഞ്ഞൊരീ ഭൂമി

വൃക്ഷങ്ങളാടിയുലയുന്നൊരീയിളം

കാറ്റുവീശുന്നൊരീ ഭൂമി

കടൽത്തിരമാലകൾ ആർത്തിരമ്പുന്നൊരു

ജലസമൃദ്ധമാണീ ഭൂമി



# ഓഖി

നിനച്ചിരിക്കാത്ത നേരത്ത്
ആർത്തലച്ചുയരുമീ
തിരമാലയിലെത്ര ജീവിതം
നഷ്ടമായെന്നോർപ്പൂ നാം

ഒരു നിമിഷം കൊണ്ടനേകം
ജീവനും ജീവിതവുമീ ഭൂവിൽ
നിന്നുമായ്ച്ചു കളഞ്ഞാക്കാറ്റിൻ
ഓമനപ്പേരല്ലോ, ഓഖി

ഉറ്റവരെ കാണാതെ
ഇനിയന്തെന്നറിയാതെ
തോരാ കണ്ണീരുമായി കാത്തിരിപ്പൂ
ഹാ! എത്ര കഷ്ടമീ ഓഖി



# ഞങ്ങളുടെ സെന്റ് മേരീസ്

പ്ലസ് വൺ,പ്ലസ് ടു കാലഘട്ടം എന്നു പറയുന്നത് ജീവിതത്തിലെ ഒരു സുപ്രധാന കാലഘട്ടമാണ്. കൂട്ടുകാർ, പഠനം, പബ്ലിക് പരീക്ഷകൾ എന്നതിനൊക്കെയപ്പുറം ജീവിതത്തിന്റെ വില നിർണയിക്കുന്ന രണ്ടു വർഷങ്ങൾ.

പത്താം ക്ലാസിലെ റിസൾട്ട് വന്നതിനുശേഷം പ്ലസ് വണിന്റെയും പ്ലസ് ടു വിന്റെയും വിശാലമായ ലോകത്തേക്ക് കടക്കുമ്പോൾ മനസ്സ് ശൂന്യമായിരുന്നു. 2016 ജൂലൈ 30 ന് പ്ലസ് വൺ ക്ലാസ് ആരംഭിച്ചതും ഇന്ന് പ്ലസ് ടു വിലെ പബ്ലിക് പരീക്ഷ എഴുതാൻ ഒരുങ്ങുന്നതുമെല്ലാം കണ്ണടച്ചു തുറക്കുന്നതുപോലെ മിന്നിമാഞ്ഞു.

സന്തോഷങ്ങളുടെ ഒരുപാട് മറക്കാനാവാത്ത നിമിഷങ്ങൾ ഈ രണ്ടുവർഷക്കാലം ഞങ്ങൾക്ക് സമ്മാനിച്ചു. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്ന വേർതിരിവ് ഒന്നുമില്ലാത്ത ഒരു കുടുംബം പോലെയാമ് ഞങ്ങൾ കഴിഞ്ഞത്.

ഒരു പ്രശ്നം വരുമ്പോൾ ഒരുമിച്ച് നേരിടാൻ കരുത്തേകിയത് ഞങ്ങളുടെ അധ്യാപകരാണ്. ഞങ്ങൾ പ്ലസ് വൺ പഠിച്ചപ്പോൾ പ്രിൻ സിപ്പൽ ആയിരുന്ന
ജോസഫ് കാരിമറ്റം സാർ ആയിരുന്നാലും ഇന്നത്തെ ഞങ്ങളുടെ പ്രിൻ സിപ്പൽ ലില്ലിക്കുട്ടി ടീച്ചർ ആയിരുന്നാലും രണ്ടുപേരും ഞങ്ങലുടെ കാര്യത്തിൽ നല്ല ശ്രദ്ധ പുലർത്തിയിരുന്നു.ഒരു വിദ്യാർത്ഥിയുടെ ഏറ്റവും വലിയ ലക്ഷ്യം പഠനമാണെന്ന് രണ്ടുപേരും ഞങ്ങളെ ഇടവിടാതെ ഓർ മ്മിപ്പിച്ചുകൊണ്ടിരുന്നു. ആ ലക്ഷ്യം മനസ്സിലാക്കാൻ കഴിഞ്ഞ എല്ലാ വിദ്യാർത്ഥികൾക്കും നല്ല മാർക്ക് വാങ്ങാൻ സാധിച്ചു. ഒരു നിമിഷം പോലും കളയാതെ പഠനത്തിൽ മാത്രം ഞങ്ങളുടെ ശ്രദ്ധ ചെലുത്താൻ ഞങ്ങളുടെ അദ്ധ്യാപകർ ഒരുപാട് പരിശ്രമിച്ചു.

കെമിസ്ട്രി ലാബിലെ സാൾട്ടിന്റെ മണവും ഫിസിക്സ് ലാബിലെ എക്സ്പെരിമെന്റുകളും ബയോളജി ലാബിലെ സെല്ലുകളുമൊക്കെ മറക്കാനാവാത്ത ഓർമ്മയായി മനസ്സിൽ നിറഞ്ഞുനിൽ ക്കുന്നു.ഓണത്തിന്റെയും ക്രിസ്തുമസ്സിന്റെയും അവധിക്കാലം കഴിഞ്ഞ് തിരിച്ച് സ്കൂളിലോട്ടെത്തി പരീക്ഷപേപ്പർ കിട്ടുമ്പോഴുള്ള ടെൻഷനും പി.ടി.എ മീറ്റിംഗുകളും എപ്പോഴും ഹൃദയമിടിപ്പുകൾ കൂട്ടുന്ന ഒന്നായിരുന്നു.


ഇന്ന് സെന്റ് മേരീസിന്റെ പടിയിറങ്ങുമ്പോൾ ഞങ്ങൾക്ക് കിട്ടിയ ഒരുപിടി ഗുണപാഠങ്ങൾ കൂടി കൊണ്ടുപോവുകയാണ്. ഇനി പുതിയ കോളേജ്, പുതിയ അധ്യാപകർ, പുതിയ അധ്യയന വർഷങ്ങൾ.... എന്നാലും ഒരു വാക്ക്.... ഒരിക്കലും മറക്കില്ല ഈ കഴിഞ്ഞുപോയ നാളുകൾ.

# വഴികാട്ടി

ആ വഴി ഈ വഴി പോയൊരാ
ടിനെ തേടിയെത്തുന്ന
ഇടയനാണെൻ നാഥൻ
പാപത്തിൽ വീണുഴലുന്ന
മക്കളെ ആശ്വസിപ്പിക്കും
സൗമ്യ സാന്നിധ്യമാണവൻ
എൻ നാഥനവൻഎൻ ജീവനവൻ
എൻ സ്നേഹസൗമ്യമവൻ
(ആ വഴി...)

ലോകത്തിൻ രക്ഷക്കായി കുരിശേന്തി
ജീവന്റെ അപ്പമായി തീർന്നവനേ
നിൻതിരുമുമ്പിൽ എന്നേരവും ഞാൻ
കൈകൾ കൂപ്പി സ്തുതി പാടിടാം
**(ആ വഴി...)**

**രോഗികളായി പീആശ്രയമില്ലാതെ അലയുമ്പോൾ**
സന്മാർഗ്ഗവചസ്സാൽ ശാന്തിയേകും
ത്രിയേകനായ അവതാരമേ
**(ആവഴി...)ഢിതരായി**



# <u>ഇരുളും വെളിച്ചവും</u>

വെളിച്ചം വരുന്ന ഈ ജാലകം വഴി
ആരും കാണാതെ ഒന്നുമേ മിണ്ടാതെ
കണ്ണുനീര് ഇറ്റുവീഴുന്ന നേരത്തും
കൈകോർത്തുനടക്കുവാൻ ആരുമില്ല
വിജനമാമീ വഴിയിൽ
ഏകയായിന്ന്ഞാൻ
ആരും കാണാതെ ഈ ഇരുട്ടിൽ
പറയുവാൻ ഉണ്ടേറെ
പാടുവാൻ ഉണ്ടേറെ
എങ്കിലും മൗനമായ് ജീവിപ്പൂ ഞാൻ
വെളിച്ചമില്ലാത്തൊരീ ഇരുട്ടുമുറിയിൽ
എൻ നിഴലുപോലും എന്നെ
തനിച്ചാക്കിട്ടു ഏകയായ് ജീവിക്കുമീ
എനിക്കൊരുന്നനിഷ്ഷയാസം
സൗഹൃദമെന്നത് വെറുമൊരു
വെട്ടം മാത്രം പകൽവെട്ടം മാത്രം
ചിലനേരമെന്റെ ചിന്തകൾ പായുന്നു
ഇരുട്ടിന്നപ്പുറത്തെ വെട്ടം തേടി
അലയുന്ന എൻ ചിന്തകൾ പായുന്നു
ഈ ഇരുട്ടിന്നപ്പുറത്ത് ഒരു വെളിച്ചമുണ്ട്
ഏകയായ് ജീവിക്കുമീയെനിക്കൊരു
തണലായ് താങ്ങായ് കൂട്ടായ്
സൂര്യകിരണങ്ങൾ എന്നുമുണ്ട്
ഇരുട്ടിൻ നായികയായ് നിൽക്കുമ്പോൾ

അറിയാതെപോയി ഞാനീ കിരണങ്ങൾ

അറിയുന്നു ഞാനിപ്പോൾ ഇരുട്ടല്ലീ ലോകം

തനിച്ചല്ലീ ഞാനും സൂര്യവെട്ടം ളുകുമീ ഭൂമിയിൽ



**ഡിജിറ്റൽ പെയിന്റിങ്** **ഷാൽവിൻ എസ്.ഡി**

# ഒരു വിജയകഥ

ഞാനൊരു കഥ പറഞ്ഞു തുടങ്ങാം.കുഞ്ഞിപ്പാറുവിന്റെ കഥ.




ഒരു സുപ്രഭാതം.പക്ഷികളുടെ അതിമനോഹരമായ സംഗീതം കേട്ടുകൊണ്ടാണ് പാർവ്വതി രാവിലെ ഉണർന്നത്. അവിടെയുള്ള ഒരു കുടുംബത്തിലെ അംഗമാണ് പാർവ്വതിയും അനിയൻ ഉണ്ണിക്കുട്ടനും അച്ഛനും അമ്മയും.


പാർവ്വതി +2 വിദ്യാർഥിയാണ്. അവളുടെ അനിയൻ ഉണ്ണിക്കുട്ടൻ പത്താം ക്ലാസ് വിദ്യാർഥിയും. സ്കൂളിലെ കലാകാരിയായിരുന്നു പാർവ്വതി. സ്കൂൾ കലോത്സവമേളകളിൽ അവൾക്കായിരുന്നു ഒന്നാം സ്ഥാനം. അവളുടെ അച്ഛന് കൂലിപ്പണിയാണ്.സങ്കടം നിറഞ്ഞതായിരുന്നു അവരുടെ ജീവിതം.സങ്കചം അനുഭവിക്കാനേ എന്നും അവൾക്ക് കഴിയുമായിരുന്നുള്ളൂ.കാരണം പാർവ്വതി ഒരു നിത്യരോഗിയാണ്. അവൾക്ക് മുടങ്ങാതെ എന്നും മരുന്ന് കഴിക്കണം. അവളുടെ അമ്മ അവളെ പ്രസവിച്ച നാൾ മുതൽ തുടങ്ങിയതാണ് അവൾക്കീ രോഗം. അച്ഛന് അവൾക്ക് മുടങ്ങാതെ മരുന്ന് കൊടുക്കുമെങ്കിലും അവളുടെ രോഗം ഇന്നേവരെ മാറിയിട്ടില്ല.

അവൾക്ക് ഏറ്റവും ഇഷ്ടം അവളുടെ അച്ഛന്റെ വീട്ടിൽപോകാനാണ്. അവളുടെ അച്ഛന്റെ വീട് വയനാട്ടിലാണ്. അങ്ങനെ ഇരിക്കെ ഒരു ദിവസം അവർ അച്ഛന്റെ വീട്ടിലേക്ക് പോയി. അച്ഛന്റെ വീട്ടിലേക്ക് പോകുമ്പോൾ പാർവ്വതിയും അമ്മയും അവളുടെ അനിയൻ ഉണ്ണിക്കുട്ടനും അവരുടെ അച്ഛനും അവിടെയുള്ള പ്രസിദ്ധമായ വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ പോയി. ഈശ്വരനെ തൊഴുതുവണങ്ങി. വയനാട്ടിലെ പ്രസിദ്ധമായ ക്ഷേത്രമാണ് വള്ളിയൂർക്കാവ് ശ്രീ ഭഗവതി ക്ഷേത്രം. ക്ഷേത്രത്തിൽ പോയിക്കഴിഞ്ഞപ്പോൾ ശരീരവും മനസ്സും ശുദ്ധമായി. ക്ഷേത്രദർശനം കഴിഞ്ഞ് കബനീനിയുടെ തീരത്തുകൂടിയാണ് അവർ അച്ഛന്റെ വീട്ടിലേക്ക് പോയത്. പുഴയരികിലൂടെയുള്ള യാത്ര വളരെ രസകരമായിരുന്നു. പിന്നെ അവർ അച്ഛന്റെ വീട്ടിലെത്തി. അച്ഛാച്ചനും അച്ഛമ്മയും അവരെ സ്നേഹവാത്സല്യത്തോടെ അവരെ വരവേറ്റു. ചെറിയച്ഛനും ചെറിയമ്മയും അവരുടെ രണ്ട് മക്കളും അവരെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവിടെയെത്തിയപ്പോൾ മുതൽ പാർവ്വതി അതിയായ സന്തോഷത്തിലായിരുന്നു. പിറ്റേ ദിവസം അവൾ പച്ചപ്പരവതാനി വിരിച്ച വയൽവരമ്പിലൂടെ ഓടിനടന്നു. കൂട്ടുകാരോടൊപ്പം കുളത്തിൽ പോയി ആമ്പൽപൂക്കൾ

പറിച്ചും മാവിൻചോട്ടിൽ പോയി മാമ്പഴം പറിച്ചുകഴിച്ചും ആ നല്ല ദിവസങ്ങൾ അവൾ ആസ്വദിച്ചു.

പ്രിയമുള്ള കൂട്ടുകാരെ, നിങ്ങൾ കുഞ്ഞിപ്പാറുവിനെ ഇതിനകം മനസ്സിലാക്കിക്കാണുമല്ലോ. വീടും തോട്ടവും മാവും ക്ഷേത്രവുമൊക്കെയായി സന്തോഷകരവും പ്രസന്നവുമാണ് അവളുടെ ജീവിതം. തന്റെ രോഗത്തെയും അതിന്റെ പരിമിതികളെയും കുറിച്ച് ചിന്തിക്കുന്നതിന് പകരം എപ്പോഴും ശുഭാപ്തിവിശ്വാസത്തോടെ ചിന്തിക്കാനും തന്റെ കഴിവുകൾ വളർത്താനുമല്ലേ അവൾ ശ്രദ്ധിക്കുന്നത് ? വിധിയെപ്പഴിക്കാതെ നമ്മുടെ ജീവിതവിജയം കണ്ടെത്താൻ നമുക്കോരോരുത്തർക്കും കഴിയുമെന്ന പാഠമാണ് കുഞ്ഞിപ്പാറു നമ്മെ പഠിപ്പിക്കുന്നത്.

**അതുകൊണ്ട് കൂട്ടുകാരെ, പരാജയത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് തളരാതെ സ്ഥിരോത്സാഹത്തോടെ മുന്നേറുന്ന കർമ്മധീരരായി നാം മാറുമ്പോൾ വിജയം നാം അറിയാതെ നമ്മുടെ അരികത്തണയും. അതിൽ യാതൊരു സംശയവും വേണ്ട.**




# മഴ

വിണ്ണിലെ കാറുകൾ കൂട്ടിമുട്ടി
ഇടിമിന്നൽ ചിത്രം വരച്ച ചുറ്റും
കാറ്റുകൾ അങ്ങനെ മന്ദതയിൽ
കലിയിളകിത്തുള്ളി വിറച്ചുവന്നു
ഊഞ്ഞാലിലാടുന്നു വൻമരങ്ങൾ
പൂമരമാനന്ദ നൃത്തമാടി
കാറ്റിനോടൊപ്പം മഴയുമെത്തി
തുള്ളിക്കൊരുകുടം മഴയുമെത്തി
ഞരമ്പറ്റപോലെ മഴ തുടർന്നു
മുറ്റം നിറഞ്ഞു കവിഞ്ഞൊഴുകി
പുഴകളും തോടും നിറഞ്ഞൊഴുകി
നാടായനാടെല്ലാം ഒഴുകിനിന്നു
കാലവും മാറി കഥയും മാറി
പ്രകൃതിയും വിങ്ങിപ്പൊട്ടുകയായ്
മഴയില്ല കാറ്റില്ല മഞ്ഞുമില്ല
കാടില്ല മേടില്ല പൂക്കളില്ല
അനന്തമായ് തീരുന്നു ലോകകാവ്യം
ചൂഷണം ചെയ്യുന്ന മനുഷ്യനിന്ന്
നല്ല ഭൂമിയ്ക്ക് നാശം വരുത്തിവയ്ക്കും
മഴയാണ് ഭൂമിക്ക് നന്മയെന്നും
മഴയാണ് നന്മതൻ നീർമണികൾ



# പുനർജനിക്കാമോ?

നീണ്ടു നിവർന്നു ഞാൻ കിടപ്പൂ
ഇനിയെന്നുമ നെതന്നെയും
പൂപോൽ മൃദുലമാം
ത്വക്കും മുഖവും കവി ത്തടവും
മണ്ണുപുരണ്ടിതാ  കിടക്കുന്നു
മണ്ണിൽ മയ   ഞാൻ വിതുമ്പുന്നു
മരണമേ നിന്നെ മാടിവിളിച്ചതോർത്ത്
മാടിമാടി നിന്നെ വിളിച്ചതോർത്ത്
പുഞ്ചിരി  ളുകിയ രാവും വെളിച്ചവും
കൂട്ടിനിരുന്ന താരങ്ങളും
ആ താരനിരയിൽ  ചേരട്ടെ ഞാനൊന്ന്
ഞാനും തിളങ്ങട്ടെ മങ്ങി മങ്ങി
അലമുറ കൂടുന്നു നിലവിളിയുയരുന്നു
ദീനമായ് ദീനദീനമായ് നോക്കുന്നു
അനക്കമില്ലാ മയക്കവുമായ്
നീണ്ടു നിവർന്നു കിടക്കുമിവളെ
കൺമൂടി നടന്ന വെളിച്ചവും ഞാനേ
കണ്ണടച്ചങ്ങിരുട്ടാക്കിയതും ഞാനേ
മടിയന്റെ മടിയനായ്
ഞാൻ വളർന്നപ്പോൾ
വിദ്യയെന്നതെനിക്കന്യ
നായിത്തീർക്കുവല്ലോ
ഒടുവിലാ തോൽവിയും
രുചിച്ചറിഞ്ഞു ഞാൻ
തോറ്റു ഞാൻ ജീവിത



ഡിജിറ്റൽ പെയിന്റിങ്ങ് ദേവപ്രയാഗ്

# തെന്നൽ

ജീവിതമാകുന്ന ത്രിസന്ധ്യത നേരം
പുൽകിയെന്നിലൊരാർദ്രമാം തെന്നൽ
കുളിക്കാരറ്റായ്... കുളിർമഴയായ്...
എന്നിലൊഴുകുമാതിരയായ്...
പൊൻവസന്തത്തിൻ നറുമണം വീശി
പൊൻതുവൽ തഴുകിയുണർത്തി
ഹൃദ്യമാം ആഴത്തിലെങ്ങോ
മൊട്ടിട്ടു



# ഡോഗ്

“ഹലോ... ഡോക്ടറല്ലേ"

“അതെ... ആരാ"?

“എന്നെ മനസ്സിലായോ? ഞാൻ വിനീതാണ്....”

“വിനീതോ!!! ഇല്ല മനസ്സിലായില്ലല്ലോ.”..!!!

“സാറ് കഴിഞ്ഞയാഴ്ച അമ്മയെ കൊണ്ടുവന്നാക്കിയില്ലേ. ആ വന്നാക്കിയില്ലേ . ആ വൃദ്ധസദനത്തിലെ വാർഡനാണ്...’’

“ഓ മനസിലായി...മനസിലായി...എന്താ വിനീത്?എന്താ കാര്യം?....”

“താങ്കളുടെ വീട്ടിലെ പട്ടി ഇവിടെയുണ്ട്.... അമ്മയുടെ അടുത്ത് .വന്നു കൊമ്ട്ടു പോയ്ക്കോളൂ”

“ഓഹൊ അവനവിടെ എത്തിയൊ? നാലഞ്ച് ദിവസമായി അവനെ കാണാതായിട്ട്.... ഇവിടെ വീട്ടിൽ എല്ലാവരും സങ്കടപ്പെട്ടിരിക്കുകയായിരുന്നു.... പത്രത്തിലും പരസ്യം കൊടുത്തിരുന്നു...എന്തായാലും കിട്ടിയല്ലൊ... താങ്ക് യു വിനീത് ഞാൻ ഇന്നുതന്നെ വന്നു കൊണ്ടു പോയ്ക്കോളാം”

# <u>മടങ്ങാം വഴികളിലൂടെ</u>



ജന്മം തന്നവർക്കെന്തിനീ ദുഃഖം
തോരാമഴയത്തന്ന് വിട്ടിരുന്നെങ്കിൽ
അന്നാ ഊർജ്ജസ്വരം തന്നിരുന്നെങ്കിൽ
ഈ ഗതി ഇന്നെങ്ങനെ വരും....
ഇന്നീ ലോകത്ത് കണ്ടു ഞാൻ ക്രൂരവും നീചവും
അതിൻ പഴുതിലൂടെ ചോരയറ്റാത്ത കാലുമായ്
നടന്നിരുന്നെങ്കിൽ കാണാമായിരുന്നു വെദന
അതിൻ സ്വരം കാതിൽ നിന്നകലും വരെ
ആ സ്വരം പതിച്ചതെൻ കർണപുടങ്ങൾ
മറിച്ചതെൻ നെഞ്ചിലാണ്
ഇഷ്ടമായിരുന്നു ഈ ലോകത്ത് അതിനർത്ഥം ഭീക-
രമായ് എന്നുള്ളിൽ കുടിയേറിയ ഭയത്താലായിരിക്കാം
എന്തെന്നറിയില്ല അതിൻ പൊരുൾ
എങ്ങനെയെന്നുമറിയില്ല
പോവാം നമുക്ക് ആരുടെയും കണ്ണിൽ നോക്കാതെ
പോവുന്ന വഴികളിൽ സകലതും കണ്ടുമടങ്ങാം
ഇനിയുള്ള കാലം സ്വരവും താളവും അവിടെ
ആ കനലിന്റെ ചൂടിലും വെളിച്ചത്തിലും

*കവിത*

# സൗഹൃദം



എന്നും എൻ ഓർമ്മകളിൽ
ഓടി വന്നൊരു സൗഹൃദമേ നീ

എന്നുമെൻ ഓർമ്മതൻ താളിലെ

സ്നേഹപുഷ്പമായ് നീ
എൻ സൗഹൃദമേ

സ്നേഹത്തിൻതിരിനാളവുമായ്
ഓർമ്മതൻ ചില്ലയിൽ കൂടുകൂട്ടി നീ

സൗഹൃദത്തിൻ പൂമൊട്ടുമായ്

വന്നു നീയെന്നരികിൽ

പുഞ്ചിരി തൂകി നിന്നു

എന്നുമെൻ ഓർമ്മയിൽ

സൗഹൃദമേ നീയൊരു സ്നേഹസമ്മാനം

-

# BEYOND THE DARK



I saw the light
Beyond the darkness
The light showed many
ways infront of me
I tride to travel on that wa
But I can’t
Some people do not let m
Travel on that way

They locked my dreams
and cut my wings
I want to fly beyond
Beyond this drakness
In search of freedam
That’s not yet mine
I will try, I will gain and
**Fulfil my dreams with praise**

# പ്രയാണം



എത്ര മഴ പെയ്താലും
ഇടിയും കാറ്റും വന്നാലും
വെയിലേറ്റ് വാടിത്തളർ
ന്നാലും
റോഡിൽ മാത്രം കണ്ണും നട്ട്
നമ്മെ ലക്ഷ്യസ്ഥാനത്തെത്തിക്കാൻ വേണ്ടി
ഊണും ഉറക്കവും ഉപേക്ഷിച്ചവർ
ഒരുറുമ്പിനെപ്പോലും കൊല്ലരുതെന്ന്
നിഷ്കർഷയുള്ളവർ
വഴിനീളെ പ്രകൃതിയൊരുക്കിയ
വിസ്മയങ്ങളിലൊന്നും കണ്ണുടക്കാതെ
പൂക്കളെയും പുഴകളെയും പുൽനാമ്പുകളെയും
ഒന്നും കാണാതെ
കിളികളുടെ പാട്ടൊന്നും കേൾക്കാതെ
ഹോണടി ശബ്ദം മാത്രം കേട്ട്
സിഗ്നലുകൾ മാത്രം ശ്രദ്ധിച്ച്
വേഗതപോരെന്ന പുതുതലമുറയുടെ പരാതിയും

# MY DREAMS

DREAME OF LAMPS
WHICH SPREAD THE LIGHT
DREAMS OF LOVERS
WHICH GIVE US SUCH DELIGHT
DREAMS OF LIGHTNING
WHICH MAKE CRY
REAMS OF D RAINBOW
WHICH BRIGHTEN THE SKY
DREAMS OF WHALES
COMING AFTER ME
REAMS OF FISH
SWIMMING IN THE SEA
DREAMS OF FRIENDS
WHO PLAY FOR ME
DREAMS OF TECHERS
WHO CARE AND LOVE
DREAMS OF GARDEN
THAT ARE FULL OF ROSES
DREAMS OF GOD
WHO ALWAYS BLESSES ME
DREAMS OF MY PARENTS
WHO ARE THE GIFT OF GOD
DREAMS A WHILE
IT'S YOUR RIGHT



# അമ്മതൻ മടിയിൽ

പ്രകൃതി നിൻ വികൃതി ഇതെന്തുമായം
കുടിവെള്ളമില്ലാത്ത പഞ്ഞകാലം
ഒരു നല്ല ഭൂമിക്കായ് കാത്തിരിപ്പൂ
ഒരു നല്ല കുട്ടിയായ് അമ്മേ നിൻ മടിയിൽ ഞാൻ
തലചായ്ക്കുവാനായ് കൊതിച്ചീടവേ
ചുട്ടുപൊള്ളിക്കുന്ന അമ്മതൻ മാറിടം
ഒരുതുള്ളി സ്നേഹമാ മാറിലില്ല
മക്കളാം ഞങ്ങൾ ചെയ്ത പാപങ്ങൾ
പെറ്റ മാതാവേ പൊറുക്കുകില്ലേ?
അന്നധാന്യാദികൾ തന്നിടുമമ്മേ നിൻ
പുണ്യപാദാംബുജം പൂജിക്കുന്നു
മക്കളാം  ഞങ്ങൾ തൻ കണ്ണുനീർ കൊണ്ടെന്നും
അമ്മേ നിൻ പുണ്യപാദാംബുജം കഴുകിടട്ടേ
ആ കണ്ണുനീർ  കൊണ്ട്, പ്രകൃതിയിൽ വിരിയുന്ന
പുഷ്പങ്ങളൊക്കെയും കൊണ്ടാ
പുണ്യപാദാംബുജം പൂജിക്കട്ടെ
വറ്റിവരണ്ടൊരു വയലേലകൾ കാണുമ്പോൾ
കൊറ്റികൾ പോലും കരഞ്ഞിടുന്നു



പണ്ടൊക്കെ ഒരുനേരമന്നത്തിനായവൻ

വന്നിരുന്ന ആ വയൽവരമ്പിൽ

ഇന്നിപ്പോൾ വയലില്ല കുളമില്ല നദിയില്ല

കുടിക്കുവാൻ വെള്ളത്തിനായിട്ടൊന്നുമില്ല

സസ്യജാലങ്ങളും ജന്തുജാലങ്ങളും

ഒരുതുള്ളി  വെള്ളത്തിനായി കേണീടുന്നു

പണ്ടൊക്കെ ഒരു നല്ല പുഴ കണ്ടിരുന്നു

ഇന്നതു കുണ്ടും കുഴിയുമുള്ള റോഡായ് തോന്നിടുന്നു

കാലമിതെങ്ങോട്ടു പോകയാണീ

കാലക്കേടിലിയെന്നുമാറുമമ്മേ

ഒരു നല്ല താരാട്ടുപാട്ടിനായ്

ഒരു നല്ല സ്നേഹത്തിൻകാറ്റിനായ്

അമ്മതൻ മാറിൽ ഞാൻ മയങ്ങിടട്ടേ

ഒരുപാടു തെറ്റിൻറമാപ്പുമയ്

# ബാല്യകാലം



*ഓർക്കുന്നു ഞാനെന്റെ കുഞ്ഞുബാല്യം*
*ഓർമ്മകളിരമ്പുന്ന കുഞ്ഞുബാല്യം*
*വീണ്ടും കൊതിക്കുന്ന കുഞ്ഞുബാല്യം*
*പിച്ചവച്ചോടുന്ന ബാല്യകാലം*
*കൂട്ടരുമൊന്നിച്ചു സാറ്റുകളിച്ചതും*
*ഓർമ്മയിൽ സൂക്ഷിച്ച നല്ല ബാല്യം*
*സ്വാർത്ഥമോഹങ്ങൾക്കടിമയായി മാറാത്ത,*
*സ്വർഗ്ഗമായി തോന്നുമീ ബാല്യകാലം*
*ഉച്ചനീചത്വമോ പ്രായമോ ഭാഷയോ*
*വഴിമാറിനിൽക്കുന്നാ സ്നേഹവായ്പിൽ*
*അമ്മമാർ തമ്മിലോ കലഹമില്ല*
*അച്ഛനും കൂട്ടർക്കും പ്രശ്നമില്ല*
*ചേച്ചിയോ കൂട്ടിനായ് വന്നിടുന്നു*
*മാമ്പൂ മണക്കുന്ന നല്ല കാലം*
*മാവും പിലാവും തലയാട്ടിടുന്നു*
*പൂത്തുനിറഞ്ഞിടാൻ നേരമായി*
*വയലേല തോറും കതിരുകൾ കൊത്തിയ*
*പച്ചപ്പനന്തത്ത പാറിടുന്നു*
*പുള്ളിപ്പശുവിന്റെ ചങ്ങാത്തവും*
*മഞ്ഞക്കിളിതൻ പൊൻനിറവും*
*കൂട്ടരോടൊപ്പമായ് നീന്തിത്തുടിക്കുന്ന*
*കുഞ്ഞുകുളത്തിലെ കൂട്ടുകാരും*
*അമ്മ അലക്കാൻ തുടങ്ങുന്ന നേരത്ത്*
*നീന്താൻ പഠിപ്പിച്ച കുഞ്ഞേട്ടനും*
*ശാന്തമായൊഴുകുന്ന പുഴയുടെ തീരത്ത്*
*പ്രാർത്ഥനയോടെന്റെ കുഞ്ഞുചേച്ചി*
*ശാന്തമായൊഴുകുന്ന പുഴയുടെ തീരത്ത്*
*അണ്ണാറക്കണ്ണന്റെ കുഞ്ഞൊച്ചയും*
*ഗ്രാമത്തിൽ സുന്ദര മുക്കുറ്റിയും*
*എല്ലാം മറക്കുവാൻ നേരമായി*
*പുഞ്ചിരി വിരിയിച്ച ബാല്യകാലം*
*ഓർക്കുന്നു ഞാനെന്റെ ബാല്യകാലം*
*ഓർക്കുന്നു ഞാനെന്റെ ബാല്യകാലം*
*നാമജപത്തിന്റെ പുണ്യകാലം*
*ഓർക്കാൻ കൊതിക്കുന്ന മനസ്സിൽ മരിക്കാത്ത*
*ഓർമ്മകൾ മാത്രമെൻ നല്ല ബാല്യം.*



# മഴ

നല്ല മഴ ആഹ നല്ല  മഴ...
കാറ്റോട്ടു കുടിയ നല്ല  മഴ...
ഇലകൾ പൊഴിയുംന്നുണ്ടല്ലോ...
മരങ്ങൾ ചായുന്നുണ്ടല്ലോ

**ഇടിയും മിന്നലും ഉണ്ടല്ലോ...**
**പുഴയിൽ**



# RIVER

River are very good nature drainage. Rivers are the source of wonderful irrigation system in a country like india. The rivers help to turn the deserts into beautiful gardens and productive fields. I do not know whether you know it or not. In punjab, water of it's five rivers is now distributed by a net work of canals over vast areas, reclaiming millions of acres of desert. In Kerala also by canal system the waters of rivers are used for irrigation. For example periyar valley canal of length 25 km supplies water for the surrounding places, not only for agriculture but also for daily uses of water.

Rivers are important as highways. There are advantages for water transportation. Also rivers help run- off water from the gutters and water channels constructed by men serve for a town.

# LOVE



KEEP THE JOY OF LOVING
LOVE LIES IN YOUR HEART
AND SHARE THIS JOY

LOVE IS VERY WOUNDERFULL
WHEN ALL YOUR MEET IS
SPECIAL
LOVE ALL FULLY

LOVE FILLS VERY HEART IN THE
WORLD
LOVE IS VERY FUNNY
THEN ALSO MANY KEEP LOVING


SAVE
RIVER

# Mother

mother !

The most beautiful word

the deepest relation in the world

she is a women, she is a doctor

she is a wife moreover she she is a doctor

who always treast with love

how can i describe her?

An ocean of love or a flame of cheer

a melting candle or queen of sacrifice?

She is the all times owner of good face

for her life is not a skittle

# ആ നിഴൽ എന്റേതല്ല

അന്നൊരു രാത്രി കൂരിരുട്ടിൽ
ഒരു കറുത്ത കാർ അവനെ
തട്ടിയിട്ടുപോയി...
ആരെന്നറിയില്ല എന്തിനെന്നറിയില്ല
അവനെ ദൈവം വിളിച്ചതോ?
അതോ അവന്റെ വിളി ദൈവം കേട്ടതോ
പിറ്റന്നാൾ അമ്മയുടെ മുന്നിൽ
പൂന്തോപ്പുകളില്ല പൂമ്പാറ്റകളില്ല
വെറും കണ്ണീർത്തുള്ളികൾ മാത്രം
പൂവിന് തേൻ നഷ്ടപ്പെടുന്നതുപോലെ
അന്തിക്ക് ഇരുട്ട് നഷ്ടപ്പെടുന്നതുപോലെ
അവളിൽനിന്നും അവൻ അകന്നുപോയി
ഒരു ഭ്രാന്തിയെപ്പോലെ അവൾ അവളുടെ നിഴൽ
ചൂണ്ടിപ്പറഞ്ഞു **ആ നിഴൽ എന്റേതല്ല**



shutterstock.com • 1060354004

# സ്കൂൾതല പ്രവർത്തനങ്ങൾ






















ST: MARY'S HIGH SCHOO
MARUTHONKARA












മൃഗസംരക്ഷണവകുപ്പ്,
മരുതോങ്കര ഗ്രാമപഞ്ചായത്ത് വെറ്ററിനറി ഡിസ്പെൻസറി
സ്കൂൾ കുട്ടികൾക്കുള്ള
മുട്ടക്കോഴി വിതരണം 2019-20
മരുതോങ്കര














CHILDRENS DAY
FEST 2019














നന്ദി ...